**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2166** **05.12.2018-ൽ മറുപടിയ്ക്ക്**

**കൊച്ചി വാട്ടർ മെട്രോ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | വാട്ടർ മെട്രോ പദ്ധതിക്കായുള്ള ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിനായി 35 ഇടങ്ങളിലും ബോട്ട് യാർഡ് നിർമ്മാണത്തിനായി ഒരിടത്തും ആവശ്യമായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതിയ്ക്കു വേണ്ടിയുള്ള പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ കേന്ദ്ര-പരിസ്ഥിതി-വന-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. പദ്ധതി വ്യാപിച്ചു കിടക്കുന്ന കായൽ പ്രദേശങ്ങളിൽ ആഴമാപന (Bathymetry) സർവ്വേ, 21 പ്രദേശങ്ങളിൽ ജിയോ ടെക്നിക്കൽ സർവ്വേ, ഒന്നും രണ്ടും പാക്കേജുകൾക്കുള്ള ടോപ്പോഗ്രഫി സർവ്വേ എന്നിവ പൂർത്തിയാക്കിക്കഴിഞ്ഞു. മൂന്നാമത്തെ പാക്കേജിൽ പ്രസ്തുത സർവ്വേ പൂർത്തിയാക്കേണ്ടതുണ്ട്. ബോട്ട് യാർഡുകളുടെ നിർമ്മാണത്തിനായുള്ള കരാറുകാരെ കണ്ടെത്തുന്നതിനും, ബോട്ട് ടെർമിനലുകളിൽ നിന്നും ബോട്ടുകളിലേക്ക് പ്രവേശിക്കുന്നതിനുള്ള ഫ്ലോട്ടിംഗ് ജെട്ടികളുടെ നിർമ്മാണത്തിനും വേണ്ടിയുള്ള പ്രാഥമിക വിലയിരുത്തൽ സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു. വൈറ്റില, ഏലൂർ, കണ്ടനാട് ടെർമിനലുകൾക്കുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു. അഞ്ച് ടെർമിനലുകൾക്കുള്ള ടെണ്ടറുകൾ KFW-ന്റെ പരിഗണനയിലാണ്. ശേഷിക്കുന്ന ടെർമിനലുകൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | വാട്ടർ മെട്രോ പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (ബി) | കൊച്ചി മെട്രോയുടെ കീഴിലുള്ള വാട്ടർ മെട്രോ പദ്ധതി, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതികൾ ലഭിക്കുന്ന മുറയ്ക്ക് 2019 സെപ്റ്റംബറോട് കൂടി പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ